## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1966** | **17.03.2015-ലെ മറുപടിക്ക്**

### വ്യാജസർട്ടിഫിക്കറ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വ്യാജസർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകുന്ന കേന്ദ്രം 2014 ഡിസംബർ മാസത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഉണ്ട്. ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1268/2014 u/s 465, 468, 471 IPC Sec. 65, 66 of IT Act, 12(1) of Indian Passport Act ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ആരൊക്കെയാണ് പ്രതികളെന്നും ഇനി ആരെയെങ്കിലും പിടികിട്ടാനുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) 1) രമേശൻ, S/o. ലക്ഷ്മണ റാവു, (2) മുഹമ്മദ് അഷ്റഫ്, നെല്ലിക്കട്ട, (3) സുബൈർ, S/o. കുഞ്ഞാലി, (4) നവാസ്, S/o. അബ്ദുൾ റഹ്മാൻ, (5) ഷിഹാബുദ്ദീൻ, S/o. സുലൈമാൻ, (6) സുനിൽ കുമാർ, S/o. തുളസി, (7) ഷാനവാസ്, S/o. അസീസ്, (8) ഷക്കീർ, S/o. ഉമ്മർ, (9) മുഹമ്മദ്, S/o. കോയ മുസലിയാർ, (10) മുഹമ്മദ് കുഞ്ഞി, S/o. ഇബ്രാഹിം എന്നിവരാണ് ടി കേസിലെ പ്രതികൾ. ഇതിൽ 2, 6 എന്നീ പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഡി) ഈ പ്രതികളിൽ ആരെങ്കിലും ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടെയോ പോഷക സംഘടനകളുടെയോ ഭാരവാഹിയായി പ്രവർത്തിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) അറിവായിട്ടില്ല. |
| (ഇ) ഈ കേസ് ആരാണ് ഇപ്പോൾ അന്വേഷിക്കുന്നത്; കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കമോ; | (ഇ) ഹോസ്ദുർഗ്ഗ് പോലീസ് ഇൻസ്പെക്ടർ ആണ് ടി കേസ് അന്വേഷണം നടത്തിവരുന്നത്. ടി കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. കേസ് അന്വേഷണാവസ്ഥയിലാണ്. |
| (എഫ്) പ്രസ്തുത കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് ജില്ലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് നിർബന്ധിത സ്ഥലം മാറ്റത്തിന് വിധേയനാകേണ്ടിവന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (എഫ്) ഇല്ല. |

സെക്ഷൻ ഓഫീസർ